മ ത്താ . 9 : 2 7 – 3 8

**2024 ജൂൺ 23**

# വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

## കാരുണ്യത്തിന്റെ മിഷൻ

അന്ധർക്ക് കാഴ്ച കൊടുക്കുകയും (മത്താ. 9:27–31), പിശാചുബാധിതനായ ഊമനെ സുഖപ്പെടുത്തുകയും (9:32–34), വിളവിന്റെ നാഥനോട് പ്രാർ ത്ഥിക്കാൻ ആഹ്വാനം നല്കുകയും (9:35–38) ചെയ്യുന്ന യേശുനാഥനെ ഈ സുവിശേഷഭാഗത്ത് ദർശിക്കുന്നു. ഈ മൂന്ന് സംഭവങ്ങളും മത്തായി സുവിശേഷകന്റെ 8–ഉം, 9–ഉം അദ്ധ്യായങ്ങളിലെ വിവരണങ്ങളുടെ അവസാനം ആണ്. അതിലുപരി, മലയിലെ പ്രസംഗം (മത്താ. 5–7) തന്റെ പ്രവർത്തനങ്ങളിലൂടെയും, ശുശ്രൂഷകളിലൂടെയും പ്രാവർത്തികമാക്കി കാണിച്ചുതരുന്നു യേശുനാഥൻ.

അന്ധരെ സുഖപ്പെടുത്തുന്ന ഈ ഭാഗം (9:27–31) സമാന്തര സുവിശേഷങ്ങളിൽ കാണുന്നില്ലെങ്കിലും മത്താ. 20:29–34 ഉം, മർക്കോ. 10:45–52 ഉം ഭാഗങ്ങളുമായി ചില സാമ്യങ്ങൾ കാണാൻ സാധിക്കും. യഹൂദ പാരമ്പര്യത്തിൽ രോഗവും, പാപവും തമ്മിൽ ബന്ധം കല്പിക്കുമായിരുന്നു. അന്ധത ഒരാളുടെ പാപത്തിന്റെ ഫലമാണ് എന്ന ചിന്ത പഴയനിയമകാലത്ത് ഉണ്ടായിരുന്നു (ഉല്പ. 19:11, പുറ. 4:11, നിയമ 28:28–29, 2 രാജ. 6:18). അന്നത്തെ യഹൂദർക്ക് അന്ധത ഒരാളുടെ ദാരിദ്ര്യത്തിന്റെയും, കഷ്ടപ്പാടിന്റെയും പ്രതീകം മാത്രമായിരുന്നില്ല, മറിച്ച് മതപരമായ അന്യവൽക്കരണത്തിന്റേതു കൂടിയായിരുന്നു (ന്യായ. 16:21).

എന്നിരുന്നാലും അന്ധരോട് കരുണ കാണിക്കുന്ന ഭാഗങ്ങളും പഴയനിയമത്തിലുണ്ട് (ലേവ്യർ 19:14, നിയമ. 27:18, ജോബ് 29:15). അന്ധർക്ക് കാഴ്ച നല്കുന്ന യേശുവിന്റെ പ്രവൃത്തി ഈ കാരുണ്യപ്രവൃത്തികളുടെ തുടർച്ചയായി വേണം കാണാൻ. അതോടൊപ്പം ഏശയ്യ 35:5–ലെ യുഗാന്ത്യപ്രതീക്ഷകൂടി ഇവിടെ ദർശിക്കാൻ സാധിക്കും (''അപ്പോൾ അന്ധരുടെ കണ്ണുകൾ തുറക്കപ്പെടും'').

കണ്ണുണ്ടെങ്കിലും കാണാതെ പോകുന്നവരാണ് നാം. എന്നാൽ ഈ സുവിശേഷഭാഗത്ത് അന്ധന്മാർ യേശുവിനെ തിരിച്ചറിയുകയും, തങ്ങളുടെ മേൽ കരുണയ്ക്കായി അപേക്ഷിക്കുകയും ചെയ്യുന്നു. അന്ധരുടെ വിശ്വാസത്തെപ്പറ്റി ചോദിച്ച യേശുവിന്റെ മറുപടി ''നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ'' എന്നാണ്. ഇത് ആദിമക്രിസ്ത്യാനികളുടെ അടിസ്ഥാന പ്രഘോഷണങ്ങളെ സൂചിപ്പിക്കുന്നുണ്ട് (റോമാ 10:9, 1 തെസ. 4:14).

യേശു അന്ധരെ സുഖപ്പെടുത്തിയത് രഹസ്യമാക്കിവയ്ക്കാൻ നിർദ്ദേശം കൊടുക്കുന്നു. എന്നാൽ അവർ അതിൽ പരാജയപ്പെടുന്നു. യേശുവിന്റെ ശിഷ്യന്മാരുടെ പരാജയങ്ങൾ ഇതിനോടു കൂടിചേർത്തു വായിക്കേണ്ടതാണ്. അതു മാത്രമല്ല, ഒരത്ഭുതം കണ്ടുവെന്നത് യഥാർത്ഥ ശിഷ്യത്വം ഉറപ്പ് തരുന്നില്ലെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു.

പിശാചുബാധിതനായ ഊമനെ സുഖപ്പെടുത്തുമ്പോൾ ജനങ്ങൾ അത്ഭുതപ്പെട്ട് പറയുന്നുണ്ട്, ''ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ലയെന്ന്.'' അത് യേശുവിന്റെ ദൗത്യത്തിന്റെ അനന്യതയും, തനിമയും വിളിച്ചു പറയുന്നു. ഫരിസേയരുടെ ആരോപണങ്ങൾക്ക് യേശുവിന്റെ ഒരു മറുപടിയും ഈ സുവിശേഷഭാഗത്ത് കാണുന്നില്ല. കാരണം എവിടെയൊക്കെ ദുഷ്ടത ഉണ്ടോ, അവിടെയൊക്കെ സത്യം അതിൽതന്നെ തിളങ്ങി നിൽക്കും.

വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാനുള്ള ആഹ്വാനം (9:35–38) നാം ഓരോരുത്തരുടെയും ദൗത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. യേശുവിന്റെ മൂന്ന് ചിത്രങ്ങൾ ഈ ഭാഗത്ത് വ്യക്തമാണ്.

a) ഗ്രാമങ്ങളിലും, നഗരങ്ങളിലും ചുറ്റി സഞ്ചരിക്കുന്ന യേശു, പഠിപ്പിക്കുകയും, സുവിശേഷം പ്രഘോഷിക്കുകയും, രോഗികളെ സുഖപ്പെടുത്തുകയും ചെയ്യുന്നു (9:35).

b) ജനക്കൂട്ടത്തെ കണ്ടപ്പോൾ അവരോട് അനുകമ്പ തോന്നുന്ന യേശു. (9:36)

c) തന്റെ ശിഷ്യരോട് അവർ നേരിടാൻ പോകുന്ന ദൗത്യത്തെക്കുറിച്ചും, പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കുന്ന യേശു (9:37–38).

ശിഷ്യന്മാർ ഏറ്റെടുക്കേണ്ട ദൗത്യം യേശു ജനങ്ങളോട് കാണിച്ച കരുണയും അനുകമ്പയും ആണെന്നും, പഠിപ്പിക്കലും, പ്രഘോഷണവും, സുഖ പ്പെടുത്തലും അവരുടെ അടിസ്ഥാന ശുശ്രൂഷകളാണെന്നും ഈ സുവിശേഷഭാഗം ഓർമ്മപ്പെടുത്തുന്നുണ്ട്. മുകളിൽ സൂചിപ്പിച്ച യേശുവിന്റെ മൂന്ന് ചിത്രങ്ങളും അടുത്ത അദ്ധ്യായത്തിലേക്കുള്ള വാതിൽ ആണ്. കാരണം പത്താം അദ്ധ്യായത്തിൽ അപ്പസ്തോ

ലന്മാരെ ദൗത്യം നല്കി അയയ്ക്കുന്ന യേശുവിനെയാണ് നാം കാണുന്നത്. യേശുവിന്റെ ശിഷ്യന്മാർ യേശു ചെയ്ത ശുശ്രൂഷകളാണല്ലോ പിന്തുടരേണ്ടതും നിവർത്തിക്കേണ്ടതും. എ